പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2128          18-6-2013 - ൽ മറുപടിക്ക്.

## പട്ടികജാതി - പട്ടികവർഗ്ഗ ജനവിഭാഗം വികസന അതോറിറ്റികളിൽ നിന്നും എടുത്ത വായ്പ എഴുതിത്തള്ളാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. ബേബി | | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബല ജനവിഭാഗത്തിൽപ്പെട്ടവരുടെ ഭവന വായ്പ എഴുതിത്തള്ളിയ ഉത്തരവിൽ പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗം വികസന അതോറിറ്റികളിൽ നിന്നും എടുത്ത വായ്പയും ഉൾപ്പെടുമോ; | (എ) | ഉൾപ്പെടുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

<u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - ദുർബ്ബല വിഭാഗക്കാർക്കുവേണ്ടി ഭവന നിർമ്മാണ ബോർഡ് വഴിയും ജില്ലാ കളക്ടർമാർ വഴിയും നടപ്പിലാക്കിയ സ്കീമുകളിൽ പിരിഞ്ഞു കിട്ടാനുള്ള തുകയും, രോഗികളും അശരണരുമായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാവശ്യമായ തുകയും, ഉൾപ്പെടെ കടബാദ്ധ്യത എഴുതിത്തള്ളി പണയാധാരങ്ങൾ തിരിച്ചു നല്കുന്നതിനുള്ള - അനുമതി നല്കി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ഭവന നിർമ്മാണ (ബി) വകുപ്പ്.

സ.ഉ.(എം.എസ്) നം. 21 /2009 /ഭവനം.      തിരുവനന്തപുരം, തീയതി, 20/5/2009

---

പരാമർശം : 1. സർക്കാർ ഉത്തരവ് (എം.എസ്) 18/07/ഭവനം. തീയതി 22/05/07

2. ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 2/2/09 ലെ LRC 3 -8184/07 നമ്പർ കത്ത്

3. 4/02/09 ൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയും ബഹു.ഭവന നിർമ്മാണ വകുപ്പു മന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിലെ തീരുമാനങ്ങൾ

4. 2009-2010 ലെ ബഡ്ജറ്റ് പ്രസംഗം.

<u>ഉത്തരവ്</u>

1. ഐക്യ കേരളത്തിലെ ആദ്യ സർക്കാരിന്റെ അൻപതാം വാർഷികാഘോഷത്തോടനുബന്ധിച്ച് ഭവന നിർമ്മാണ ബോർഡിൽനിന്നും വായ്പയെടുത്ത ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 29.75 കോടി രൂപയുടെ വായ്പാ കുടിശ്ശിക, ചില മാനദണ്ഡങ്ങൾക്കു വിധേയമായി എഴുതിത്തള്ളി / ആനുകൂല്യം നല്കി മുകളിൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവു പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ചില ഭരണപരമായ കാരണങ്ങളാൽ ഈ ഉത്തരവു പ്രകാരം ആർക്കും ആനുകൂല്യം നല്കാൻ കഴിഞ്ഞിരുന്നില്ല.

2. ഭവന നിർമ്മാണ ബോർഡ് ദുർബ്ബല വരുമാന വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളിൽ നിന്നും പിരിച്ചെടുക്കാൻ കഴിയാതെ ശേഷിക്കുന്ന തുക 2009-2010 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് കുടിശ്ശികക്കാരെ ബാധ്യതയിൽ നിന്ന് ഒഴിവാക്കി അവരുടെ പ്രമാണങ്ങൾ തിരികെ നല്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് മുകളിൽ രണ്ടാമതായി പരാമർശിച്ച കത്തു പ്രകാരം ഭവന നിർമ്മാണ ബോർഡ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3: 04.02.09 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിയും ബഹു. ഭവന നിർമ്മാണ വകുപ്പു മന്ത്രിയും സംയുക്തമായി, ബന്ധപ്പെട്ടവരുമായി സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുന:സംഘടനാ പാക്കേജ്, ബോർഡിൽ നിന്നും വായ്പയെടുത്ത ദുർബ്ബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് വിശദമായ ചർച്ച നടത്തി.

4. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുന:സംഘടനയുമായി ബന്ധപ്പെട്ട് 2009-2010 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 171-ാം ഖണ്ഡികയായി ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരുടെ

വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം പ്രഖ്യാപിച്ചിരുന്നു.
" ഈ പാക്കേജിന്റെ ഭാഗമായി ദുർബ്ബല വിഭാഗങ്ങൾക്കുവേണ്ടി 1996 കാലത്ത് ഹൗസിംഗ് ബോർഡ് വഴി നടപ്പാക്കിയ 12 സ്കീമുകളിൽ നിന്നുള്ള 117 കോടി രൂപ എഴുതിത്തള്ളുന്നതാണ്. ജില്ലാ കളക്ടർ വഴി നടപ്പാക്കിയ സ്കീമുകളിൽ നിന്ന് 31 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. രോഗികൾക്കും അശരണർക്കും 23 കോടി രൂപയുടെ ആനുകൂല്യം നല്കിയിട്ടുണ്ട്. 183 കോടി രൂപയുടെ ഈ കട ബാദ്ധ്യതകൾ എഴുതിത്തള്ളും. നിലവിലുള്ളതും നേരത്തെ പ്രവർത്തനം നിർത്തിയതുമായ വികസന അതോറിറ്റികൾ ദുർബ്ബല ജന വിഭാഗങ്ങൾക്കു വേണ്ടി 1996 നു മുമ്പ് നല്കിയ ഭവന വായ്പാ കുടിശ്ശികയും എഴുതിത്തള്ളുന്നു. ഇതോടെ, 41500 പേർക്ക് തങ്ങളുടെ പണയാധാരങ്ങൾ തിരിച്ചു കിട്ടും."

5. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. 2009-10 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 171-ാം ഖണ്ഡികയിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ദുർബ്ബല വിഭാഗക്കാർക്കു വേണ്ടി ഭവന നിർമ്മാണ ബോർഡ് വഴിയും ജില്ലാ കളക്ടർമാർ വഴിയും നടപ്പിലാക്കിയ സ്കീമുകളിൽ പിരിഞ്ഞു കിട്ടാനുള്ള തുകയും രോഗികളും അശരണരുമായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനാവശ്യമായ തുകയും ഉൾപ്പെടെ 183 കോടി രൂപയുടെ കടബാദ്ധ്യത എഴുതിത്തള്ളി 41,500 പേരുടെ പണയാധാരങ്ങൾ തിരിച്ചു നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ഇതനുസരിച്ച് ഭവന നിർമ്മാണ ബോർഡിൽ നിന്നും 1977 മുതൽ 1997 വരെയുള്ള കാലഘട്ടത്തിൽ താഴെ പറയുന്ന വായ്പാ പദ്ധതികൾ പ്രകാരം വായ്പയെടുത്ത ദുർബ്ബല വരുമാന വിഭാഗത്തിൽപ്പെടുന്ന 30,400 ഓളം ഗുണഭോക്താക്കളിൽ നിന്നും ലഭിക്കേണ്ടുന്ന മൊത്തം കുടിശ്ശികയും (വായ്പാതുക, പലിശ, പിഴപ്പലിശ, മുടക്കപ്പലിശ, മറ്റ് ചാർജ്ജുകൾ എന്നിവ) പൂർണ്ണമായും എഴുതിത്തള്ളി അവരുടെ പ്രമാണങ്ങൾ ഉടൻ തിരികെ നല്കുന്നതാണ്.

<u>പദ്ധതിയുടെ പേര്:</u>

a. EWS അർബൻ
b. കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി
c. ഹഡ്കോ 80 പദ്ധതി
d. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി (SASH)
e. 1984 ലെ പ്രളയ ദുരിതാശ്വാസ പദ്ധതി
f. പുനരധിവാസ ഭവനനിർമ്മാണ പദ്ധതി 3ഉം 4ഉം ഘട്ടങ്ങൾ
g. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (1992-1996)
h. കൈരളി ഭവനനിർമ്മാണ പദ്ധതി
i. GIC ഭവനപദ്ധതി
j. ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (1990)
k. കൈത്തറി നെയ്ത്തു തൊഴിലാളികൾക്കുള്ള പദ്ധതി (1991)
l. കേരള ചെത്തുതൊഴിലാളി ക്ഷേമ ഭവന പദ്ധതി (1979-80)
m. രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി (1991-92)
n. അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസ യോഗ്യമാക്കുന്ന പദ്ധതി (1987-1996)
o. കളക്ടർമാർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി

7. കൂടാതെ മറ്റ് വായ്പാ അപേക്ഷകർക്ക് 22.5.2007 ലെ സ.ഉ (എം.എസ്) 18/2007/ഭവനം ഉത്തരവ് പ്രകാരം പ്രതിപാദിച്ചിട്ടുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതാണ്.

8. നിലവിലുള്ളതും നേരത്തേ പ്രവർത്തനം നിർത്തിയതുമായ വികസന അതോറിറ്റികൾ ദുർബ്ബല ജന വിഭാഗങ്ങൾക്കു വേണ്ടി 1996 നു മുമ്പ് നല്കിയ ഭവന വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതു സംബന്ധിച്ച തുടർ നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിക്കുന്നതാണ്.

9. ദുർബ്ബല വിഭാഗക്കാർക്കുള്ള വായ്പ എഴുതിത്തള്ളുന്ന വകയിൽ വേണ്ടി വരുന്ന ആകെ തുക യായ 171.60 കോടി രൂപയിൽ നിന്നും 100.36 കോടി രൂപ ഭവന നിർമ്മാണ ബോർഡ് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗവൺമെന്റ് ലോൺ - മുതൽ, വായ്പാ പലിശ, ഓഡിറ്റ് ഫീസ്, മറൈൻ ഡ്രൈവ്, ആക്കുളം തുടങ്ങിയ ഭൂമിയുടെ വില എന്നിവയിൽ നിന്നും ബുക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതും മുടക്കു പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ അവശേഷിക്കുന്ന തുകയായ 71.24 കോടി രൂപ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഹിക്കേണ്ടതുമാണ്.

10. ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന അർഹരായ വായ്പാ ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളി അവരുടെ പ്രമാണങ്ങൾ തിരികെ നല്കുമ്പോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ജില്ലാടിസ്ഥാനത്തിൽ ഓരോ പദ്ധതി പ്രകാരവും ഓരോ ഗുണഭോക്താവിന്റേയും പേരിൽ എഴുതിത്തള്ളിയ തുകയുടെ വിശദമായ കണക്ക് ഗുണഭോക്താക്കളുടെ മേൽ വിലാസം സഹിതം പ്രത്യേകമായി സൂക്ഷിക്കേണ്ടതും യഥാകാലം സർക്കാരിനു സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ഇതു സംബന്ധിച്ച എല്ലാ നടപടി ക്രമങ്ങളും മൂന്നുമാസത്തിനകം പൂർത്തിയാക്കി എല്ലാ രേഖകളും ലോക്കൽ ഫണ്ട് ആഡിറ്റിന് വിധേയമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.രാമമൂർത്തി.
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം,
ചെയർമാൻ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
} ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിയ്ക്ക്
ഭവന നിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പിന് (ഖണ്ഡിക 8 പ്രകാരം തുടർ നടപടിയ്ക്ക്)
പൊതുഭരണ (എസ്.സി) വകുപ്പിന് (29.04.09 ലെ 3258 നമ്പർ തീരുമാനം)
ഭവന നിർമ്മാണ (എ,സി) വകുപ്പുകൾക്ക്
ധനകാര്യ (പി.യു.സി ) വകുപ്പിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.